(എ) സഹകരണ വകുപ്പിന് തിരുവനന്തപുരത്ത് നിർമ്മിക്കുന്ന ആസ്ഥാന മന്ദിരത്തിന്റെ നിർമ്മാണപ്രവർത്തനങ്ങളുടെ പുരോഗതി അറിയിക്കാമോ ;

(ബി) മന്ദിരത്തിന്റെ നിർമ്മാണം എന്നത്തേക്ക് പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത് ;

(സി) മന്ദിരത്തിന്റെ നിർമ്മാണത്തിനായി സഹകരണസ്ഥാപനങ്ങളിൽനിന്നും സഹകരണ വകുപ്പ് ജീവനക്കാരിൽനിന്നും സംഭാവനയായി എന്തുതുക പിരിച്ചെടുത്തു ; വ്യക്തമാക്കാമോ ;

(ഡി) മന്ദിര നിർമ്മാണത്തിന്റെ അടങ്കൽത്തുക എത്ര ; ഇതിൽ സർക്കാർ വിഹിതം എത്ര ; സംഭാവനവഴി ശേഖരിച്ചത് എത്ര ; വിശദമാക്കാമോ ?

ഉത്തരം

(എ) സഹകരണ വകുപ്പിന് തിരുവനന്തപുരത്ത് നിർമ്മിക്കുന്ന ആസ്ഥാന മന്ദിരത്തിന്റെ പ്ലാൻ പൊതുമരാമത്ത് വകുപ്പ് അംഗീകരിച്ച് നൽകിയിട്ടുണ്ട്. എസ്റ്റിമേറ്റിനുള്ള സാങ്കേതികാനുമതി ലഭിച്ചാലുടൻതന്നെ നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിക്കുവാൻ കഴിയും.

(ബി) മന്ദിരത്തിന്റെ നിർമ്മാണം ആരംഭിക്കുന്നത് മുതൽ 18 മാസത്തിനകം പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത്.

(സി) സഹകരണ മന്ദിരത്തിന്റെ നിർമ്മാണത്തിനായി സഹകരണ സ്ഥാപനങ്ങളിൽ നിന്നും സംഭാവന പിരിച്ചിട്ടില്ല. എന്നാൽ മന്ദിര നിർമ്മാണത്തിനായി സഹകരണസംഘം ജീവനക്കാരിൽ നിന്നും സഹകരണ വകുപ്പ് ജീവനക്കാരിൽ നിന്നും സംഭാവനയായി 2,34,88,174 രൂപ പിരിച്ചെടുത്തിട്ടുണ്ട്.

(ഡി) മന്ദിര നിർമ്മാണത്തിനായി ഇപ്പോൾ തയ്യാറാക്കി സമർപ്പിച്ചിട്ടുള്ള എസ്റ്റിമേറ്റ് പ്രകാരമുള്ള തുക 68,50,00,000 രൂപയാണ്. സർക്കാർ വിഹിതം സംബന്ധിച്ച് തീരുമാനമായിട്ടില്ല. ജീവനക്കാരിൽനിന്നും സ്വരൂപിച്ച തുകയ്ക്ക് പുറമെ സഹകരണ സ്ഥാപനങ്ങളിൽനിന്നും മന്ദിര നിർമ്മാണത്തിനായി സംഭാവന സ്വരൂപിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

## സഹകരണ സംഘങ്ങളിലെ തെരഞ്ഞെടുപ്പ്

87 (2307) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനെത്തുടർന്ന് സഹകരണ സംഘങ്ങളുടെ തെരഞ്ഞെടുപ്പ് തീയതി പ്രഖ്യാപിച്ചശേഷം എത്ര സഹകരണ സംഘങ്ങളുടെ തെരഞ്ഞെടുപ്പ് മാറ്റിവച്ചിട്ടുണ്ട് ; അവയുടെ പേരുവിവരവും മാറ്റിവയ്ക്കാനിടയായ സാഹചര്യവും ജില്ല തിരിച്ച് വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) സഹകരണ തെരഞ്ഞെടുപ്പ് കമ്മീഷൻ അന്യായമായി തെരഞ്ഞെടുപ്പ് മാറ്റിവയ്ക്കുന്നത് തടയാൻ എന്തുനടപടിയാണ് സ്വീകരിക്കുവാനുദ്ദേശിക്കുന്നത് ; വിശദമാക്കാമോ ?

ഉത്തരം

(എ) ഈ സർക്കാർ നിലവിൽ വന്നതിനെ തുടർന്ന് സംസ്ഥാനത്ത് 50 സഹകരണ സംഘങ്ങളിലെ തെരഞ്ഞെടുപ്പ് തീയതി പ്രഖ്യാപിച്ചതിന് ശേഷം മാറ്റിവച്ചിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ബി) 1969-ലെ കേരള സഹകരണസംഘം നിയമത്തിലെയും ചട്ടത്തിലെയും വ്യവസ്ഥകൾ പ്രകാരമാണ് സംസ്ഥാന സഹകരണ തെരഞ്ഞെടുപ്പ് കമ്മീഷൻ പ്രവർത്തിക്കുന്നത്. സഹകരണ സംഘങ്ങളുടെ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് നിയമത്തിലേയും ചട്ടത്തിലേയും വ്യവസ്ഥകൾ സംഘങ്ങൾ പാലിക്കേണ്ടതാണ്.

**വായ്പാ പലിശ എഴുതിത്തള്ളൽ**

**88 (2308)** ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

സഹകരണ ബാങ്കുകൾവഴി എടുത്തിട്ടുള്ള നബാർഡ് കാർഷിക വായ്പയുടെ പലിശ ഇനത്തിൽ 2013-ൽ ചെറുകിട കർഷകർക്ക് എന്ത് തുകയാണ് എഴുതിത്തള്ളിയതെന്നറിയിക്കുമോ ?

ഉത്തരം

2013-ൽ സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കും പ്രാഥമിക ബാങ്കുകളും ചേർന്ന് 50:50 എന്ന അനുപാതത്തിൽ 2,92,73,523 (രണ്ട് കോടി തൊണ്ണൂറ്റി രണ്ട് ലക്ഷത്തി എഴുപത്തി മൂവായിരത്തി അഞ്ഞൂറ്റി ഇരുപത്തി മൂന്ന്) രൂപ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രകാരം എഴുതിത്തള്ളുകയുണ്ടായി.

**കാർഷിക ഗ്രാമ വികസന ബാങ്ക് പ്രതിമാസ സമ്പാദ്യ പദ്ധതി**

**89 (2309)** ശ്രീ. അൻവർ സാദത്ത് :
ശ്രീ. ആർ. സെൽവരാജ് :
ശ്രീ. ജോസഫ് വാഴക്കൻ :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന കാർഷിക ഗ്രാമവികസന ബാങ്ക് പ്രതിമാസ സമ്പാദ്യ പദ്ധതി ആരംഭിക്കാനുദ്ദേശിക്കുന്നുണ്ടോ ; വിശദമാക്കുമോ ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പദ്ധതിയിലൂടെ കൈവരിക്കാനുദ്ദേശിക്കുന്നത് ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly